# മഹാത്മാഗാന്ധി  ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ജില്ല: കണ്ണൂർ**

**ബ്ലോക്ക്: കല്ല്യാശ്ശേരി**

**പഞ്ചായത്ത്:കല്ല്യാശ്ശേരി**

**വാർഡ്:ഇരിണാവ് വടക്ക് (1)**


റിപ്പോർട്ട് തയ്യാറാക്കിയത് : മുഹമ്മദ്ഷാസ് പി പി

ഷൈനി വി


ഷംന പി

കല്ല്യാശ്ശേരി വില്ലേജ് റിസോഴ്സ് പേഴസൻമഹാത്മാഗാന്ധി  ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSAK)

## ഉള്ളടക്കം



| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | |
| 2 | ഉള്ളടക്കം | |
| 3 | ആമുഖം | |
| 4 | പഞ്ചായത്ത് ഭൂപടം | |
| 5 | വാർഡ് ഭൂപടം | |
| 6 | ഗ്രാമപഞ്ചായത്ത്,വാർഡ് പൊതു വിവരങ്ങൾ | |
| 7 | ഗ്രാമപഞ്ചായത്ത്,വാർഡ് തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ | |
| 8 | സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ | |
| 9 | അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ | |
| 10 | ഫീൽഡ് പരിശോധന വിശദാംശങ്ങൾ,കടമകൾ | |
| 11 | രെജിസ്റ്ററുകൾ, പ്രവർത്തി ഫയൽ പരിശോധന വിശദാംശങ്ങൾ | |
| 12 | കണ്ടെത്തലുകൾ, നിർദേശങ്ങൾ | |

## പഞ്ചായത്ത് ഭൂപടം



TALIPPARAMBA MUNICIPALITY
KANNAPURAM
MATOOL
KANNUR BLOCK
1
2
3
4
5
6
7
8
9
10
11
12
13
14
15
16
17
18

**<u>വാർഡ് ഭൂപടം</u>**



12:57
2 trips
MAP
STATISTICS
Kovvappuram - Irinavu Bypass Rd
CRC Vayanasala
Kurumba Temple Rd
Google
130ft
0 mph
Speed
Status
Duration
Distance

## ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും സാമൂഹിക ആസ്തിയുടെ നിർമ്മാണത്തിനും സഹായകമായിട്ടുള്ള ഒരു കേന്ദ്രവിഷ്കൃത പദ്ധതിയാണ്. 2005 സെപ്തംബർ അഞ്ചിന് നിലവിൽ വന്ന തൊഴിലുറപ്പ് നിയമത്തിനെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. സമൂഹത്തിൽ പിന്നോക്കംനിൽക്കുന്നവരുടെയും ദാരിദ്രം അനുഭവിക്കുന്നവരെയും കൈപിടിച്ചുയർത്തുവാനും അതുവഴി ഗ്രാമീണ സമ്പത് വ്യവസ്ഥയുടെ മുഖഛായ മാറ്റാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും മറ്റ് തൊഴിലുകൾ നഷ്ടമാകാതെ അധികമായി നൂറ് ദിവസത്തെ അവിദഗ്ദ കായിക തൊഴിൽ ഉറപ്പാക്കുക എന്നതിലൂടെ ജനങ്ങളുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുകയെന്നതാണ് ഇതിന്റെ അടിസ്ഥാന ലക്ഷ്യം. തൊഴിലുറപ്പ് പദ്ധതി അവകാശാധിഷ്ഠിതവും അവശ്യാധിഷ്ഠിതവുമായ പദ്ധതിയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ മറ്റ് പ്രധാന ലക്ഷ്യങ്ങൾ പ്രകൃതി വിഭവ പരിപാലനവും അതിലൂടെ ഓരോ പ്രാദേശത്തിന്റെയും വിഭവ അടിത്തറ ശക്തമാക്കുക, വരൾച്ച, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വന നശീകരണം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, ഉല്പാദന പരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര ലഘൂകരണം സുസ്ഥിരമാക്കുക, തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യധാരയിലേക്ക് സ്ത്രീകളെ സംഘമായി കൊണ്ടുവരുന്നതിനും അവരുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണം ഉറപ്പാക്കുക എന്നിവയുമാണ്.

## സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശധിഷ്ഠിത പദ്ധതി.
- ഗ്രാമപ്രദേശത്ത് താമസിക്കുന്ന പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരാളിനും പദ്ധതിയിൽ പങ്കാളിയാകാം.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പരിസ്ഥിതി സംരക്ഷണത്തിനും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൌകര്യ വികസനത്തിനും പ്രധാന്യം നല്കുന്നു.
- ബാങ്ക് അക്കൌണ്ട് വഴി വേതനം നേരിട്ടു തൊഴിലാളികളുടെ അക്കൌണ്ടിലേക്ക്.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നു.
- കമ്പ്യൂട്ടർ ശൃംഖലാ വഴി മോണിറ്ററിങ് സംവിധാനം.
- ഗ്രാമസഭ പദ്ധതി സോഷ്യൽ ഓഡിറ്റ് ചെയ്യുന്നു.

സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസ്സോർസ്സ് പെർസൻ തൊഴിലുറപ്പ് പദ്ധതി പ്രവർത്തി ഫയൽ പരിശോധിച്ചും, ഫീൽഡ് സന്ദർശനം നടത്തിയും, തൊഴിലാളികളുമായി

അഭിമുഖം നടത്തിയും തൊഴിലുറപ്പ് പദ്ധതി ഓൺലൈൻ പോർട്ടിലെ (nrega.nic.in) എം.ഐ.എസ് ഇൽ പരിശോധന നടത്തിയുമാണ് ഈ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിന് വേണ്ട സഹായങ്ങൾ ചെയ്തു തന്ന പഞ്ചായത്ത് ഉദ്യോഗസ്ഥർ, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ,വാർഡ് മെമ്പർ, വാർഡിലെ തൊഴിലാളികൾ, മേറ്റുമാർ എന്നിവർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

## കല്ല്യാശ്ശേരി  പഞ്ചായത്ത് പൊതു വിവരങ്ങൾ

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ ഉൾപ്പെട്ട കല്യാശ്ശേരി ബ്ലോക്കിലാണ് കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

| | |
|---|---|
| ജില്ല | കണ്ണൂർ |
| വിസ്തീർണ്ണം | 15.37 ച.കി.മീ. |
| റവന്യൂ വില്ലേജ് | കല്യാശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | കല്യാശ്ശേരി |
| താലൂക്ക് | കണ്ണൂർ |
| നിയമസഭാ മണ്ഡലം | കല്യാശ്ശേരി |
| പാർലമെന്റ്മണ്ഡലം | കാസർഗോഡ് |
| ആകെ വാർഡുകൾ | 18 |
| ജനസംഖ്യ | 31122 |
| സ്ത്രീകൾ | 17011 |
| പുരുഷന്മാർ | 14111 |

## വാർഡ് പൊതു വിവരങ്ങൾ

| | |
|---|---|
| വാർഡിന്റെ പേര് | ഇരിണാവ് വടക്ക് ( വാർഡ് 1 ) |
| ജനസംഖ്യ | 1445 |
| സ്ത്രീകൾ | 720 |
| പുരുഷന്മാർ | 725 |

## പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

ആകെ തൊഴിൽ കാർഡ്:2737

ആകെ തൊഴിലാളികൾ : 3652

ആക്ടീവ് തൊഴിൽ കാർഡ്:1179

ആക്ടീവ് തൊഴിലാളികൾ: 1279

കഴിഞ്ഞ വർഷം പഞ്ചായത്തിൽ നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ: 75

ആകെ തൊഴിൽ ദിനങ്ങൾ:31731

ആകെ ചിലവായ തുക: 95.95 ലക്ഷം

## വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

ആകെ തൊഴിൽ കാർഡ്: 233

ആക്ടീവ് തൊഴിൽ കാർഡ്:

ആക്ടീവ് തൊഴിലാളികൾ:

കഴിഞ്ഞ വർഷം വാർഡിൽ നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ: 0

# സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേരും പ്രവർത്തി കോഡും | മസ്റ്റ്റോൾ നമ്പർ | പ്രവർത്തി ആരംഭിച്ച തീയ്യതി | പ്രവർത്തി അവസാനിച്ച തീയ്യതി | തൊഴിൽ ദിനങ്ങൾ | ചിലവായ തുക |
|---|---|---|---|---|---|---|
| 1 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv DW/144756 | 648 649 1085 1086 1087 1088 13341 13342 13343 13344 12828 12829 12830 12831 12832 12833 12834 | 10/05/2018 | 25/03/2018 | 151(SKILLED-32,UNSKILLED-112,SEMISKILLED-7) | 290888 (MATERIAL - 228636) |
| 2 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv IF/350029 | 13398 13399 | 30/03/2019 | 30/03/2019 | 8(SKILLED-1,UNSKILLED-7) | 122407 |
| 3 | hmÀUv 1 se ]n Fw F ssh sk³{SÂ/ tÌäv kvIoanÂ DÄs¸« `h\ ]²XnIfpsS {]hr¯nIÄ IF/319522 | 11308 11309 11310 | 08/02/2019 | 23/02/2019 | 28 | 7588 |
| 4 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv WC/318000 | 10722 10723 10724 10725 10906 10907 | 26/01/2019 | 30/01/2019 | 26(SKILLED – 15, UNSKILLED – 3 , SEMISKILLED - 8) | 52585(MATERIA - 39420) |

| | | | | | | |
|---|---|---|---|---|---|---|
| 5 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br><br>IF/350030 | 11011<br>11012<br>11013 | 02/02/2019 | 04/02/2019 | 16(SKILLED -6 ,UNSKILLED - 10) | 46930(MATERIAL - 39420) |
| 6 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br><br>WC/317987 | 13389<br>13390<br>13391<br>13392 | 26/03/2019 | 27/03/2019 | 22(SKILD -6 , UNSKILLED -14, SEMISKILLED -2) | 49814(MATERIAL - 39420) |
| 7 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br><br>WC/318001 | 11987<br>11988<br>11989 | 22/2/2019 | 26/2/2019 | 7(SKILLD 5,SEMISKILLED - 2 | 36375(MATERIAL 27594) |
| 8 | hmÀUv 1 se ]pXph¡ev tXmSv, Ffbm{¼ tXmSpIfpsS Bgw Iq«n hr¯nbm¡n sskUv kwc£Ww<br><br>IC/214409 | 1136<br>1137<br>13138<br>13139<br>13140<br>1632<br>1633<br>1634<br>1635 | 31/5/2019 | 20/03/2019 | 124 | 104674( MATERIAL - 70600) |
| 9 | വാർഡ് 1ലെ ഭൂവികസന പ്രവൃത്തികൾ<br><br>LD/237356 | 4547 5801<br>4548 5802<br>4549 5803<br>4550 5804<br>4551 5805<br>4552 6424<br>4553 6425<br>4554 6426<br>4555 6427<br>4556 7864<br>5080 7865 | 04/10/2018 | 05/12/2018 | 847 | 233772 |

| | | | | | | |
|---|---|---|---|---|---|---|
| | | 5081 7866<br>5082 7867<br>5083<br>5084 | | | | |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതക്ക് തൊഴിൽ നൽകുന്നതോടൊപ്പം അവരുടെ പത്ത് അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു. സോഷ്യൽ ഓഡിറ്റിലൂടെ പ്രവർത്തികളുടെ പരിശോധനയും അതോടൊപ്പം തൊഴിലാളികളുടെ പത്ത് അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും വിലയിരുത്തുന്നു.

## തൊഴിൽ കാർഡ് സംബന്ധിച്ച്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന പതിനെട്ട് വയസ്സ് പൂർത്തിയായ ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരാൾക്കും തൊഴിൽ കാർഡ് ലഭിക്കുന്നതിന് പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിക്കാം. തൊഴിൽ കാർഡിന് അപേക്ഷിച്ചു കഴിഞ്ഞാൽ അപേക്ഷിച്ച് പതിനഞ്ച് സൌജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കേണ്ടതുണ്ട്.

- കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ നിലവിൽ പണി എടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും പഴയ തൊഴിൽ കാർഡ് പുതുക്കി പുതിയ തൊഴിൽകാർഡ് അനുവദിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ കാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്തുകൊടുക്കുകയാണ് ചെയ്തത്, ഇത് തെറ്റായ ഒരു പ്രവണതയാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ അധികാരിക രേഖയായ തൊഴിൽ കാർഡ് സൂക്ഷിക്കേണ്ടത് തൊഴിലാളികളുടെ ഉത്തരവാദിത്വമാണ്. വാർഡിൽ മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് അവരവരുടെ കൈയ്യിൽ സൂക്ഷിച്ചിട്ടുണ്ട്, ഇത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്.

## തൊഴിൽ ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പ് തരുന്നു. ആയതിനാൽ തൊഴിൽ കാർഡുള്ള ഏതൊരാള്ക്കും തൊഴിൽ ആവശ്യപ്പെടാനും ഇതുമായി ബന്ധപ്പെട്ടുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാകാനുമുള്ള അവകാശമുണ്ട്.

- ഒന്നാം വാർഡിൽ രേഖാമൂലം തൊഴിൽ ആവശ്യപ്പെടാറില്ലെന്നാണ് അറിയുവാൻ കഴിഞ്ഞത്.ഒരു തവണ തൊഴിലിനുള്ള അപേക്ഷ നൽകിയിരുന്നുവെന്നും മേറ്റ് പറയുകയുണ്ടായി. തൊഴിലിനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ കൊടുത്ത് തിരികെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കണം. കൈപ്പറ്റ് ഉണ്ടെങ്കിൽ മാത്രമേ പതിനഞ്ച് ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് രേഖാമൂലം തൊഴിൽ ആവശ്യപ്പെടുകയും കൈപ്പറ്റ് രസീത് സൂക്ഷിച്ചുവെക്കുകയും ചെയ്യണം.

## <u>തൊഴിൽ അനുവദിക്കുന്നത് സംബന്ധിച്ച്</u>

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെട്ട് കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം തൊഴിൽ നല്കിയിരിക്കണമെന്നാണ് വ്യവസ്ഥ. ഇല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അർഹത ഓരോ തൊഴിലാളിക്കുമുണ്ട്.

- ഒന്നാം വാർഡിൽ തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ ലഭിക്കുന്നില്ല എന്നാണ് തൊഴിലാളികളിൽ നിന്നും അറിയുവാൻ കഴിഞ്ഞത്. കഴിഞ്ഞ സാമ്പത്തിക വർഷം ആർക്കും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയായിട്ടില്ല എന്നറിയൻ സാധിച്ചു .

## <u>തൊഴിലില്ലായിമ വേതനം</u>:

തൊഴിൽ ആവിശ്യപ്പെട്ടു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാം. അതുകൊണ്ട് രേഖാമൂലം തൊഴിൽ ആവശ്യപ്പെടുകയും കൈപ്പറ്റ് രസീത് സൂക്ഷിച്ചുവെക്കുകയും ചെയ്യണം.തൊഴിൽ ആവിശ്യപ്പെട്ട തീയ്യതി മുതൽ ആദ്യത്തെ 30 ദിവസം കൂലിയുടെ 25% (67.75) തുകയും തുടര്ന്ന് 100 ദിവസം തൊഴിൽ പൂർത്തിയാക്കുന്നതുവരെയുള്ള ദിവസങ്ങളിൽ കൂലിയുടെ 50% (135.05) തുകയും തൊഴിലാളിക്ക് ലഭികണം.

- വാർഡിലെ തൊഴിലാളികൾ ആരും തൊഴിലില്ലായിമ്മ വേതനത്തിനു അപേക്ഷിച്ചിട്ടില

## ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്

തൊഴിലാളികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുവാനും പ്രവർത്തികൾ നിർദ്ദേശിക്കുവാനും ഈ പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രൊജക്റ്റിൽ ഉൾപ്പെടുത്തുവാനും തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്യുന്നു.

- ഒന്നാം വാർഡിൽ തൊഴിലാളികൾ പ്രവർത്തികൾ നിർദ്ദേശിക്കാറുണ്ടെന്നാണ് അറിയുവാൻ കഴിഞ്ഞത്.

## അഞ്ച് കിലോമീറ്റർ പരിധിയിൽ പ്രവർത്തി ചെയ്യുന്നത് സംബന്ധിച്ച്

അവരവരുടെ താമസ സ്ഥലത്തുനിന്നും അഞ്ച് കിലോ മീറ്റർ പരിധിയിൽ ജോലി ലഭിക്കുന്നതിന് മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്. അഞ്ച് കിലോ മീറ്റർ പരിധി കഴിഞ്ഞ് പ്രവർത്തി ചെയ്യുകയാണെങ്കിൽ കൂലിയുടെ 10 ശതമാനം യാത്ര ബത്ത ലഭിക്കുന്നതിനും മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്.

- ഒന്നാം വാർഡിൽ തൊഴിലാളികൾ അഞ്ച് കിലോമീറ്റർ പരിധിയിൽ മാത്രമാണ് പ്രവർത്തി ചെയ്തിട്ടുള്ളതെന്നാണ് അറിയുവാൻ കഴിഞ്ഞത്.

## വേതനം ലഭിക്കുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് പദ്ധതിയിലെ സെക്ഷൻ 3(2) പ്രകാരം പണി ചെയ്തുകഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം തൊഴിലാളികൾക്ക് വേതനം ലഭിക്കേണ്ടതാണ്. ഇല്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹത ഉണ്ട്.

- ഒന്നാം വാർഡിൽ പണി എടുത്ത മുഴുവൻ തൊഴിലാളികൾക്കും ഇപ്പോൾ സമയബന്ധിതമായി കൂലി ലഭിക്കുന്നുണ്ടെന്ന് എം.ഐ.എസ് പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു.

## പ്രവർത്തി സ്ഥലത്ത് ലഭ്യമാക്കേണ്ട സൌകര്യങ്ങൾ

തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം പ്രവർത്തി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം, തണൽ എന്നീ സൌകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

- ഒന്നാം വാർഡിൽ തൊഴിലാളികൾ വാർഡിൽ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ കുടിവെള്ളത്തിനുള്ള പാത്രവും തണൽ സൌകര്യത്തിനുള ടാർപോളിൻ ഷീറ്റും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്നാണ് തൊഴിലാളികൾ പറഞ്ഞത്. പ്രഥമ ശിശ്രൂഷ കിറ്റ് പ്രവർത്തി സ്ഥലത്തു ഉണ്ടാകാറുണ്ടെന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്.എന്നാൽ മരുന്നുകൾ സ്വന്തം കൈയ്യിൽ നിന്ന് പൈസ മുടക്കിയാണ് വാങ്ങിച്ചിട്ടുള്ളത് എന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത് .

## <u>പദ്ധതി ആരംഭ മീറ്റിങ് , ഗ്രാമസഭ സംബന്ധിച്ച്</u>

തൊഴിലുറപ്പ് നിയമം ഷെഡ്യൂള് 22 പ്രകാരം ഒരു പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തിയെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥൻ എന്നിവരുടെ സാന്നിധ്യത്തിൽ പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചേർക്കേണ്ടതുണ്ട്.

- ഒന്നാം വാർഡിൽ പ്രവർത്തി തുടങ്ങുന്നതിന് മുൻപ് പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചേർക്കാറുണ്ടെന്നാണ് മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ടത്. ഇത് വളരെ പ്രശംസനീയമായ കാര്യമാണ്. തൊഴിലുറപ്പ് പദ്ധതി ഗ്രാമസഭ സാധാരണ ഗ്രാമസഭയുടെകൂടെ ആണ് നടക്കുന്നതെന്ന് തൊഴിലാളികൾ അറിയിച്ചു.

## <u>തൊഴിലിടങ്ങളിലുണ്ടാക്കുന്ന അപകടങ്ങൾ സംബന്ധിച്ച്</u>

തൊഴിലാളികൾക്ക് പണി സ്ഥലത്തു വെച്ച് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ചികിൽസക്ക് ആവശ്യമായി വരുന്ന മുഴുവൻ ചിലവുകളും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തൊഴിലാളിക്ക് ലഭ്യമാക്കേണ്ടുന്ന നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിക്കേണ്ടതാണ്. ഇതുകൂടാതെ തൊഴിലിടങ്ങളിൽ വെച്ച് മരണം സംഭവിക്കുകയാണെങ്കിൽ 25000/- രൂപയും തൊഴിലാളിയുടെ കുടുംബത്തിന് ലഭിക്കേണ്ടതാണ്.

- ഒന്നാം വാർഡിൽ പ്രവർത്തി സ്ഥലത്തു വെച്ച് അപകടങ്ങൾ സംഭവിച്ചിട്ടില്ലെന്നാണ് അറിയുവാൻ കഴിഞ്ഞത്..

## സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ്

പ്രവർത്തി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ അടങ്ങിയ ഒരു സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്

- .ഒന്നാം വാർഡിൽ പുതുവക്കല് ,എളയാംബ്ര തോടുകളുടെ ആഴം കൂട്ടി വൃത്തിയാക്കി സൈഡ് സംരക്ഷണത്തിന് മാത്രമേ സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ് സ്ഥാപിച്ചിരുന്നതായി കാണുവാൻ കഴിഞ്ഞുള്ളൂ .

## മസ്റ്റർ റോൾ

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്ന ഔദ്യോഗിക രേഖയാണ് മസ്റ്റർ റോൾ. പണി ചെയ്യുന്ന ദിവസം രണ്ട് തവണ ഇതിൽ ഒപ്പ് വെക്കേണ്ടതാണ്. മസ്റ്റർ റോളിൽ ഒപ്പ് വെച്ചതിന് ശേഷം തൊഴിലാളികൾ പ്രവർത്തി സ്ഥലത്തു തന്നെ ഉണ്ടായിരിക്കണം. അതുപോലെ തന്നെ ഇതിൽ യാതൊരു വെട്ടിത്തിരുത്തലുകളും ഉണ്ടാകുവാൻ പാടുള്ളതല്ല.

- പരിശോധിച്ച മസ്റ്റർ റോളുകളിൽ യാതൊരു വെട്ടിത്തിരുത്തലുകളും ഉണ്ടായിരുന്നില്ല. ഇത് അഭിനന്ദനാർഹമായ കാര്യമാണ്.

## മേറ്റ്

തൊഴിലുറപ്പ് പ്രവർത്തിയുടെ മേൽനോട്ടം, തൊഴിൽ കാർഡ്, സൈറ്റ് ഡയറി, മസ്റ്റർ റോൾ എന്നിവ കൃത്യമായി പൂരിപ്പിക്കൽ, തൊഴിലാളികളുടെ ഹാജർ ഉറപ്പ് വരുത്തുക, ലീവ് മാർക്ക് ചെയ്യുക, പണി സ്ഥലത്ത് വേണ്ട സൌകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പ് വരുത്തൽ എന്നിവയാണ് മേറ്റുമാരുടെ ചുമതലകൾ. നിയമ പ്രകാരം പതിനഞ്ച് ദിവസം കഴിയുമ്പോൾ പുതിയ മേറ്റിനെ തിരഞ്ഞെടുക്കാവുന്നതാണ്. ഒന്നാം വാർഡിൽ ഗിരിജ കെ യാണ് മേറ്റായി പ്രവർത്തിച്ചത്. മേല്പറഞ്ഞ ചുമതലകൾ മേറ്റ് കൃത്യമായി നിർവ്വഹിച്ചതായി മനസ്സിലാക്കുവാൻ കഴിഞ്ഞു.

## ജാഗ്രത മേൽനോട്ട സമിതി

തൊഴിലുറപ്പ് പ്രവർത്തി കൃത്യമായി നിരീക്ഷിക്കുന്നതിനും പദ്ധതി കാര്യക്ഷമമാക്കുന്നതിനും വാർഡ് തലത്തിൽ ജാഗ്രത മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജാഗ്രത മേൽനോട്ട സമിതിയിലെ അംഗങ്ങൾ പ്രവർത്തി സ്ഥലം സന്ദർശിക്കാറുണ്ടെന്നാണ് മേറ്റും തൊഴിലാളികളും അഭിപ്രായപ്പെട്ടു. തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കാലം മുതൽ ഒരേ ആൾക്കാർ തന്നെയാണ് ജാഗ്രത മേൽനോട്ട സമിതിയിൽ പ്രവർത്തിക്കുന്നത്. ജാഗ്രത മേൽനോട്ട സമിതിയിലെ അംഗങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

- ജനാർദ്ധനൻ
- ഗിരിജ
- വസന്ത കുമാരി
- ശൈലജ

## സുരക്ഷ മാർഗ്ഗങ്ങൾ

തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രവർത്തി ചെയ്യുമ്പോൾ സുരക്ഷാകിറ്റും ഷൂസും, കൈയ്യുറയും തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടത് നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. ഒന്നാം വാർഡിൽ സുരക്ഷാ മാർഗ്ഗമായ കാലുറ മാത്രമാണ് നൽകിയതെന്നും അതെല്ലാവർക്കും ലഭ്യമല്ലായെന്നുമാണ് അറിയാൻ സാധിച്ചത് .

## പരാതി പരിഹാരം

തൊഴിലുറപ്പ് പദ്ധതി നിയമം ഷെഡ്യൂൾ 19 പ്രകാരം ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കേണ്ടതാണ്. പരാതികൾ ഫോൺ മുഖേനെയോ,ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ,രേഖാമൂലം എഴുതിയോ, ഇമെയിൽ വഴിയോ നൽകാവുന്നതാണ്. എന്നാൽ രേഖാമൂലം ഇതുവരെ പരാതികൾ നൽകിയിട്ടില്ല എന്നാണ് തൊഴിലാളികൾ പറഞ്ഞത്.

- ടോൾ ഫ്രീ നമ്പർ കണ്ണൂർ - 18004250143
- സംസ്ഥാന മിഷൻ - 18004251004

## സോഷ്യൽ ഓഡിറ്റ് നടത്തുന്നതു സംബന്ധിച്ച്

തൊഴിൽ ഉറപ്പുനിയമത്തിന്റെ സെക്ഷൻ 17(2) പ്രകാരം തൊഴിലുറപ്പിൽ ഏറ്റെടുത്ത പ്രവർത്തികൾ ഓരോ 6 മാസ കാലയളവിലും സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതുണ്ട പ്രവർത്തിയുടെ സാമ്പത്തികവും ഗുണനിലവാരവും സംബന്ധിച്ച വിവരങ്ങൾ

സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ പങ്കാളികളാവാൻ ഓരോ വ്യക്തിക്കും അവകാശമുണ്ട്.

## <u>റോസ്ഗാർ ദിനം</u>

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം ഓരോ പഞ്ചായത്തിലും നടത്തേണ്ടതാണ്.

- കല്യാശ്ശേരി പഞ്ചായത്തിൽ റോസ്ഗാർ ദിനം ആചരിച്ചിട്ടുണ്ടെന്നാണ് അറിയുവാൻ കഴിഞ്ഞത്.

## <u>തൊഴിലാളികളുടെ കടമകൾ</u>

- കൃത്യ സമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി സമയക്രമം പാലിക്കുക (9 മണിമുതൽ അഞ്ച് മണിവരെ).
- പ്രവർത്തി ആരംഭ മീറ്റിങ്ങിൽ പങ്കെടുത്ത് ചെയ്യേണ്ട പ്രവർത്തികളെകുറിച്ച് കൃത്യമായി മനസ്സിലാക്കുക.
- നിർദ്ദേശിക്കുന്ന പ്രവർത്തികൾ കൃതമായി ചെയ്യുക.
- തൊഴിലുറപ്പ് ഗ്രാമസഭകളിൽ പങ്കെടുക്കുക.

| {Ia \¼À | (പhr-¯n-bpsS t]cv | FÌn-taäv {]Im-c-apÅ Afhv | sajÀsaâv {]Im-c-apÅ Afhv | ^oÂUv ]cn-tim-[n-¨-t¸mÄe`n¨ Afhv | dnamÀIvkv |
|---|---|---|---|---|---|
| 1 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br>DW/144756 | Water tank 18000 ltr Pvc pipes1800 mtr Diaelbow-240 Dia bend-120 Dia tee-60 End cap-60 | Water tank 17400 ltr Pvc pipes 1450 mtr Diaelbow-232 Dia bend-116 Dia tee-58 End cap-58 | Water tank 17400 ltr Pvc pipes 1450 mtr Diaelbow-232 Dia bend-116 Dia tee-58 End cap-58 | വെള്ളത്തിന്റെ ഗുണനിലവരം വർദ്ധിച്ചു പ്രവർത്തി ചേയ്ത 58 വീടുകളിൽ 53 വീടുകളിൽ ഫലപ്രദമായി ഉപയൂഗിക്കുന്നുണ്ട് |
| 2 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br>IF/350029 | Water tank 3000 ltr Pvc pipes 250 mtr Diaelbow-40 Dia bend-20 Dia tee-10 End cap-10 | Water tank 1500 ltr Pvc pipes 125 mtr Diaelbw-20 Dia bend-10 Dia tee-5End cap-5 | Water tank 1500 ltr Pvc pipes 125 mtr Diaelbow-20 Dia bend-10 Dia tee-5 End cap-5 | ജലക്ഷാമം കുറക്കാൻ സാധിച്ചു.പ്രവർത്തി ചേയ്ത 5 വീടുകളിലും ഫലപ്രദമായി ഉപയൂഗിക്കുന്നുണ്ട് |
| 3 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br>WC/318000 | Water tank 3000 ltr Pvc pipes 250 mtr Diaelbow-40 Dia bend-20 Dia tee-10 End cap-10 | Water tank 3000 ltr Pvc pipes 250 mtr Diaelbow-40 Dia bend-20 Dia tee-10 End cap-10 | Water tank3000 ltr Pvc pipes 250 mtr Diaelbow-40 Dia bend-20 Dia tee-10 End cap-10 | 10 വീടുകളിൽ പ്രവർത്തി ചെയ്തു, നിഷ കെ വി എന്നവരുടെ വീട്ടിൽ ഉപയോഗിക്കുന്നില്ല |
| 4 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS | Water tank 3000 ltr Pvc pipes250 mtrDiaelbow-40 Dia bend-20 Dia tee-10 End cap-10 | Water tank 3000 ltr Pvc pipes 239 mtr Diaelbow-40 Dia bend-20 Dia tee-10 | Water tank 3000 ltr Pvc pipes 239 mtr Diaelbow-40 Dia bend-20 Dia tee-10 | 10 വീടുകളിൽ പ്രവർത്തി ചെയ്തു,മുഴുവൻ വീടുകളിലും ഫലപ്രദമായി ഉപയൂഗിക്കുന്നുണ്ട് |

| | | | | | |
|---|---|---|---|---|---|
| | InWÀ doNmÀPnMv<br><br>IF/350030 | | End cap-10 | End cap-10 | |
| 5 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br><br>WC/318001 | Water tank 2100 ltr Pvc pipes 175 mtr Diaelbow-28<br>Dia bend-14<br>Dia tee-7<br>End cap-7 | Water tank 2100 ltr<br>Pvc pipes 175 mtr<br>Diaelbow-28<br>Dia bend-14<br>Dia tee-7<br>End cap-7 | Water tank 2100 ltr<br>Pvc pipes 175 mtr<br>Diaelbow-28<br>Dia bend-14<br>Dia tee-7<br>End cap-7 | പ്രവർത്തി ചേയ്ത 2 വീടുകളിൽ ഉപയോഗിക്കുന്നില്ല |
| 6 | hmÀUv 1 se JWvUnI 5 Â ]cmaÀin¡p¶ IpSpw_§fpsS InWÀ doNmÀPnMv<br><br>WC/317987 | Water tank 3000 ltr<br>Pvc pipes250 mtr<br>Diaelbow-40<br>Dia bend-20<br>Dia tee-10<br>End cap-10 | Water tank 3000 ltr<br>Pvc pipes 250 mtr<br>Diaelbow-40<br>Dia bend-20<br>Dia tee-10<br>End cap-10 | Water tank 3000 ltr<br>Pvc pipes 250 mtr<br>Diaelbow-40<br>Dia bend-20<br>Dia tee-10<br>End cap-10 | 10 വീടുകളിൽ പ്രവർത്തി ചെയ്തു, സുമ എന്നവരുടെ വീട്ടിൽ ഉപയോഗിക്കുന്നില്ല |
| 7 | hmÀUv 1 se ]pXph¡ev tXmSv, Ffbm{¼ tXmSpIfpsS Bgw Iq«n hr¯nbm¡n sskUv kwc£Ww<br><br>IC/214409 | Site cleaning-2025 sqm<br>Earth work-990 sqm<br>Coir geo textails-1400 sqm<br>Fixing fibrous route-400 sqm | Site cleaning-2020 $m^2$<br>Earth work -620 $m^2$<br>Coir geo textails-1400 $m^2$<br>Fixing fibrous route-160 $m^2$ | Site cleaning-2020 $m^2$<br>Earth work -620 $m^2$<br>Coir geo textails-1400 $m^2$<br>Fixing fibrous route-160 $m^2$ | കയർ ഭൂവസ്ത്രം ഉപയോഗിച്ച്തോടി ന്റെ അരികുകൾ ബലപ്പെടുത്തിയിടുണ്ട് |
| 8 | hmÀUv 1 se `qhnIk\ {]hr¯nIÄ<br><br>LD/237356 | Surface dressing-24669 sqm<br>Earth work excacation-234cum | Surface dressing-23635 $m^2$<br>Earth work excacation-234 $m^3$ | Surface dressing-23635 $m^2$<br>Earth work excacation-234 $m^3$ | 15 ഭൂവുടമകളുടെ സ്ഥലത്തു പ്രവർത്തി ചെയിത്തിടുണ്ട് |
| | | | | | പ്രവർത്തി പൂർത്തീകാരിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 9 | hmÀUv 1 se ]n Fw F ssh sk³{SÂ/ tÌäv kvIoanÂ DÄs¸« `h\ ]²XnIfpsS {]hr¯nIÄ IF/319522 (SREESAN) | 28 | 28 | 28 | |

**<u>പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രെജിസ്റ്ററുകൾ സംബന്ധിച്ച വിവരങ്ങൾ</u>**

- ജോബ് കാർഡ് രെജിസ്റ്റർ
  - ജോബ് കാർഡ് രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- ഗ്രാമസഭ രെജിസ്റ്റർ
  - ഗ്രാമസഭ രെജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.
- പ്രവർത്തി ആവശ്യപ്പെടുന്നത്, പ്രവർത്തി അനുവദിക്കുന്നത്, കൂലി അനുവദിക്കുന്നത് ബന്ധപ്പെട്ട രെജിസ്റ്റർ
  - പ്രവർത്തി ആവശ്യപ്പെടുന്നത്, പ്രവർത്തി അനുവദിക്കുന്നത്, കൂലി അനുവദിക്കുന്നത് ബന്ധപ്പെട്ട എം. ഐ എസിൽ നിന്നുള്ള വിവരങ്ങളുടെ പകർപ്പ് രെജിസ്റ്റർ ആക്കി സൂക്ഷിച്ചിട്ടുണ്ട്.
- പ്രവർത്തി രെജിസ്റ്റർ
  - പ്രവർത്തി രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- ആസ്തി രെജിസ്റ്റർ
  - ആസ്തി രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- പരാതി രെജിസ്റ്റർ
  - പരാതി രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- മെറ്റീരിയൽ രെജിസ്റ്റർ
  - മെറ്റീരിയൽ രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## പ്രവർത്തി ഫയൽ പരിശോധന സംബന്ധിച്ച വിവരങ്ങൾ

- കവർ പേജ്
    - വാർഷിക മാസ്റ്റർ സെർക്കുലർ പ്രകാരമുള്ള കവർ പേജ് പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നു.
- ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ്
    - ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നു.
- ആക്ഷൻ പ്ലാൻ പകർപ്പ്
    - ആക്ഷൻ പ്ലാൻ പകർപ്പ് പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നു.
- എസ്റ്റിമേറ്റ്
    - പരിശോധിച്ച വർക്ക് ഫയലിൽ എസ്റ്റിമേറ്റ് പകർപ്പ് സൂക്ഷിച്ചിട്ടുണ്ടായിരുന്നു.
- സാങ്കേതിക അനുമതി പകർപ്പ്
    - ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെ പേരിലുള്ള സാങ്കേതിക അനുമതി പകർപ്പ് പരിശോധിച്ച മുഴുവൻ ഫയലുകളിലും ഉണ്ടായിരുന്നു. ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയറും ഓവർസിയരും ഒപ്പ് വെച്ചു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
- ഭരണാനുമതി പകർപ്പ്
    - സെക്യൂറെയിൽ നിന്നും ലഭിച്ച ഭരണാനുമതി പകർപ്പ് രേഖ പരിശോധിച്ച മുഴുവൻ ഫയലുകളിലും ഉണ്ടായിരുന്നു. ഇതിൽ പഞ്ചായത്ത് സെക്രട്ടറി ഒപ്പ് വെച്ചു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
- കൺവെർജെൻസ് ഫണ്ട്
    - പരിശോധിച്ച പ്രവർത്തികൾ ഈ ഗണത്തിൽ പെട്ട പ്രവർത്തികൾ അല്ലാത്തതിനാൽ ഈ വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നില്ല.
- തൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ള ഫോം
    - സെക്ഷൻ 3/1 പ്രകാരമുള്ള തൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ള ഫോം IC/214409 എന്ന ഫയലിൽ മാത്രമാണ് ഉണ്ടായിരിന്നത്
- തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖ

- തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖ പരിശോധിച്ച മുഴുവൻ ഫയലുകളിലും ഉണ്ടായിരുന്നില്ല.

- മസ്റ്റർ റോൾ
  - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും മസ്റ്റർ റോൾ ഉണ്ടായിരുന്നു.
- മേഷർമെന്റ്ബുക്ക്
  - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും മേഷർമെന്റ് ബുക്ക് ഉണ്ടായിരുന്നു.
- സാധന സാമഗ്രഹികളുടെ വിവരങ്ങൾ
  - സാധന സമഗ്രഹികളുടെ വിവരങ്ങൾ പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരിന്നു
- വേജ് ലിസ്റ്റ്
  - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും വെജ് ലിസ്റ്റ് ഉണ്ടായിരുന്നു.
- എഫ്ടിഒ
  - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും എഫ്ടിഒ ഉണ്ടായിരുന്നു.
- .മറ്റീരിയൽ വൌച്ചർ, ബില്ലുകൾ
  - പരിശോധിച്ച ഫയലുകളിൽ മറ്റീരിയൽ വൌച്ചർ ,ബില്ലുകൾ ഉണ്ടായിരിന്നു
- റോയൽറ്റി
  - റോയൽറ്റിയുമായി ബന്ധപ്പെടുള്ള രേഖയായ ഭൂനികുതി അടച്ച രസീത് ഫയലിൽ ഉണ്ടായിരുന്നു.
- ഫോട്ടോഗ്രാഫ്സ്
- പദ്ധതിയുടെ മൂന്നു ഘട്ടത്തിൽ ഉള്ള ഫോട്ടോസ് പരിശോധിച്ച 8 ഫയലിലും ഉണ്ടായിരുന്നു.എന്നാൽ WC/317987 ഫയലിൽ ഫോട്ടോഗ്രാഫ്സ് ഉണ്ടായിരിന്നില്ല
- ഫയൽ ട്രാക്കിങ് ഫോം/മസ്റ്റർ റോൾ മൂവ്മെന്റ്സ്ലീപ്
  - ഫയൽ ട്രാക്കിങ്ഫോം പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നു.
- പ്രവർത്തി പൂർത്തീകരണ സെർറ്റിഫിക്കറ്റ്
  - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിളും പ്രവർത്തി പൂർത്തികരണ സെർറ്റിഫിക്കറ്റ് ഉണ്ടായിരുന്നു

- ,ജിയോടാഗ് ഫോട്ടോസ്
    - ജിയോടാഗ് ഫോട്ടോസ് പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നില്ല.
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്
    - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും സോഷ്യൽ ഓഡിറ്റ് റിപ്പോർടിന്റെ പകർപ്പ് ഉണ്ടായിരുന്നില്ല.
- സൈറ്റ് ഡയറി
    - പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും സൈറ്റ് ഡയറി ഉണ്ടായിരുന്നു.
    - സൈറ്റ് ഡയറിയിൽ പ്രവർത്തിയെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ മുഴുവനായും രേഖപ്പെടുത്തിയിട്ടുണ്ട്.
    - പദ്ധതി ആരംഭ മീറ്റിങ്ങിനെ കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
    - ചെക്ക് ലിസ്റ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. IF/319522, എന്ന ഫയലിൽ എഡിഎസ് ഒപ്പ് വെച്ചിട്ടില്ല.
    - തൊഴിലാളികളുടെ സാക്ഷ്യപത്രം കാണുവാൻ സാധിച്ചു.
    - വിജിലൻസ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ 3 പേർ മാത്രമാണു ഒപ്പ് വെച്ചിട്ടുണ്ട്.
    - വിജിലൻസ് മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടിൽ പ്രവർത്തിയുടെ പ്രയോജനങ്ങളെ കുറിച്ച് രേഖപ്പെടുത്തിയീട്ടുണ്ട്

## കണ്ടെത്തലുകൾ

- മുഴുവൻ തൊഴിലാളികൾക്കും ഇപ്പോൾ സമയബന്ധിതമായി കൂലി ലഭിക്കുന്നുണ്ട്. ഇത് അഭിനന്ദനാർഹമായ കാര്യമാണ്.
- പ്രവർത്തി തുടങ്ങുന്നതിന് മുൻപ് പദ്ധതി ആരംഭ മീറ്റിങ് ചേരാറുണ്ടെന്നാണ് മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ടത്. ഇത് വളരെ പ്രശംസനീയമായ കാര്യമാണ്.
- മസ്റ്റർ റോളുകളിൽ യാതൊരു വെട്ടിത്തിരുത്തലുകളും ഉണ്ടായിരുന്നില്ല. ഇത് അഭിനന്ദനാർഹമായ കാര്യമാണ്.
- മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് അവരവരുടെ കൈയ്യിൽ സൂക്ഷിച്ചിട്ടുണ്ട്, ഇത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്.
- ജാഗ്രത മേൽനോട്ട സമിതിയിൽ ഉള്ളവർ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കറുണ്ട്.
- പ്രവർത്തി സ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫൊർമേഷൻ ബോർഡ് IC/214409 എന്ന പ്രവർത്തി ചെയ്തിടത്ത് കാണാൻ സാധിച്ചുള്ളൂ.
- പരിശോധിച്ച ഫയലുകളിൽ മുഴുവൻ ഭൂവുടമകളുടെ അപേക്ഷയും നികുതി രസീതും സൂക്ഷിച്ചിട്ടുണ്ട്.
- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട ഏഴു റെജിസ്റ്ററുകളിൽ മുഴുവൻ രെജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.
- കിണർറിച്ചാർഗിജിങ്ങിലൂടെ ജലത്തിന്റെ ഗുണനിലവരം മെച്ചപ്പെട്ടതായി അറിയാൻ സാധിച്ചു .

- സുരക്ഷാമാർഗങ്ങളായഷൂസും കെയുറയും തൊഴിലാളികൾകു ലഭിച്ചിടുണ്ട്
- പ്രവർത്തി പരിശോധനയിൽഭൂരിഭാഗം വീടുകളിലും കിണർ റീചാർജിങ് പ്രക്രിയ നന്നായി പ്രവർത്തിക്കുന്നതായി കാണാൻ സാധിച്ചു എന്നാൽ .നൂർജഹാൻ, സുബൈദ, സായിദ നളിനി സുജേതാ എന്നിവരുടെ വീടുകളിൽ ഈ സംവിധാനം പ്രവർത്തിക്കുന്നില്ല
- തൊഴിലാളികൾ രേഖാമൂലം തൊഴിൽ ആവശ്യപ്പെടുന്നില്ല.
- കഴിഞ്ഞ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ തൊഴിലാളികൾ വാർഡിലില്ല.
- മുഴുവൻ തൊഴിലാളികൾക്കും പഴയതൊഴിൽ കാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്തുകൊടുക്കുകയാണ് ചെയ്തത്.
- തണൽ സൌകര്യത്തിനുള ടാർപോളിൻ ഷീറ്റ് എന്നിവ പഞ്ചായത്തിൽ നിന്നുംലഭിച്ചിട്ടില്ല
- ജാഗ്രത മേൽനോട്ട സമിതിയിൽ മേറ്റിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇത് ഒരു തെറ്റായ പ്രവണതയാണ്.
- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ വാർഡുകളിൽ വെവ്വേറെ നടത്തുന്നില്ല.
- കിണർ റീചാർജ ചെയ്ത വിജയൻ എൻ വി എന്നവരുടെ വീട്ടിൽ കിണറ്റിലേക്ക്സ്ഥാപിച്ച പൈപ് പറബിലേക്ക് മാറ്റിയിട്ടിരിക്കുന്നു
- നസിയാത്ത്, സിദിക്,സീനത്ത്,ല ളിത സി മധുസൂദനൻ രാധ കെവി, നിഷ തുടങ്ങിയവർപൈപ് അടക്കമുള്ള സാമഗ്രികൾ അയിച്ചു വെച്ചിരിക്കുന്നതായ കാണാൻ സാധിച്ചു

## നിർദേശങ്ങൾ

- തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.ഡിമാൻഡ് ഡ്രൈവ് സംഘടിപ്പിച്ചു തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുക.

- തൊഴിലുറപ്പ് പദ്ധദിയുടെ സുതാര്യത ഉറപ്പ് വരുത്താൻ മുഴുവൻപ്രവർത്തി സ്ഥലങ്ങളിലും സിറ്റിസെൻ ഇൻഫർമേഷൻബോർഡ് സ്ഥാപിക്കുക

- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടു ലഭിക്കുന്ന മുഴുവൻ അപേക്ഷകളും പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് സംവിധാനം വഴി സ്വീകരിക്കുക. ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നല്കുകയും ചെയ്യുക.

- എംബുക്കിൽ പ്രവർത്തിചെയ്യുന്ന സ്ഥലത്തിന്റെ സർവേനംബർ ഉൾപ്പെടുത്താൻനിർവഹണ എജെൻസി ശ്രദ്ധിയ്ക്കുക

- ജാഗ്രത മേൽനോട്ട സമിതി അംഗങ്ങളെ ആറ് മാസം കഴിയുമ്പോൾ മാറ്റി നിശ്ചയിക്കുക.

- പ്രവർത്തി സ്ഥലത്ത് തണൽ സൌകര്യത്തിനുള്ള ടാർപോളിൻ ഷീറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- പ്രായമായതൊഴിലാളികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത്മാസ്റ്റർറോളിൽ ഒപ്പിടുന്നകോളം അൽപം കൂടി വലുതാകുവാൻസാങ്കേതിക ഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കുക

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ വാർഡ് ഒന്നിൽ 08/11/19 നു 3 മണിക്ക് സി ആർ സി വായന ശാലയിൽ വച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ നടത്തി .അതിൻ പ്രകാരമുള്ള റിപ്പോർട്ടിൻ മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഗ്രാമ സഭ താഴെ പറയുന്ന തീരുമാനങ്ങളെടുത്തു .

- തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്ന പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർബന്ധമായും സ്ഥാപിക്കും .
- കിണർ റീചാർജുമായി ബന്ധപ്പെട്ട് പരാതിയുള്ളവർക്ക് ഉടൻ തന്നെ പരിഹാരം കാണും
- തൊഴിലാളികൾ രേഖാമൂലം പരാതിപ്പെട്ടാൽ അതിനുള്ള നടപടി സ്വീകരിക്കും
- തൊഴിലാളികൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും .
- ജാഗ്രത മേൽനോട്ട സമിതി അംഗങ്ങളെ ആവശ്യമെങ്കിൽ മാറ്റി നിശ്ചയിക്കും .
- പ്രവൃത്തി സ്ഥലത്ത് കുടിവെള്ളത്തിനുള്ള സാഹചര്യം സൃഷ്ടിക്കും
- എസ്റ്റിമേറ്റിൽ സർവേ നംബറിനൊപ്പം ഭൂവുടമകളുടെ പേര് കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കും .

- ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ സാക്ഷ്യപ്പെടുത്തുമോൾ തീയ്യതി കൂടി ഉൾപ്പെടുത്തും .

- എം .ബുക്കിൽ പ്രവൃത്തി ചെയ്യുന്ന സ്ഥലത്തിന്റെ സർവേ നമ്പര് ഉൾപ്പെടുത്താൻ ശ്രമിക്കും